പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1164 11.06.2019-ൽ മറുപടിയ്ക്ക്

# പീരുമേട് മണ്ഡലത്തിലെ റോഡുകൾ അപകടരഹിതമാക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.ഇ.എസ്.ബിജിമോൾ | ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) പീരുമേട് നിയോജകമണ്ഡലത്തിലെ ദേശീയ-സംസ്ഥാന പാതകളിൽ സ്ഥിരമായി അപകടങ്ങൾ ഉണ്ടാകുന്ന സ്ഥലങ്ങൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) പീരുമേട് റോഡ്സ് ഡിവിഷന്റെയും ദേശീയപാതാ ഡിവിഷന്റെയും പരിധിയിൽ ഇതുവരെ ബ്ലാക്ക് സ്പോട്ടുകൾ ഒന്നും തന്നെ ഐഡന്റിഫൈ ചെയ്തിട്ടില്ല. |
| (ബി) റോഡ് നിർമ്മാണത്തിലെ അപാകത മൂലമാണ് അപകടങ്ങൾ ഉണ്ടാകുന്നത് എന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത മേഖലകൾ അപകടമുക്തമാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ; | (ബി) റോഡ് നിർമ്മാണത്തിലെ അപാകത മൂലമുണ്ടാകുന്ന അപകടങ്ങളെ സംബന്ധിച്ച് റിപ്പോർട്ടുകൾ ലഭിച്ചിട്ടില്ല. എന്നാൽ റോഡിന് വീതിക്കുറവ്, വളവുകൾ അപകടകരമായ കൊക്കകൾ എന്നിവ അപകടങ്ങൾക്ക് കാരണമായി കാണുന്നുണ്ട്. |
| (സി) അപകടമരണങ്ങൾ അനിയന്ത്രിതമായി പെരുകുന്ന സാഹചര്യത്തിൽ പ്രസ്തുത അപകടസാധ്യതാമേഖലകളിലെ റോഡുകൾ പുനർ നിർമ്മിച്ച് അപകടരഹിതമാക്കുവാൻ പ്രത്യേക പദ്ധതികൾ പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (സി) അപകട സാധ്യതാ മേഖലകളിൽ സുരക്ഷാ മാനദണ്ഡങ്ങൾക്കനുസരിച്ച് ഘട്ടങ്ങളായി മുൻകരുതൽ ബോർഡുകൾ, ക്രാഷ്ബാരിയറുകൾ മുതലായവ സ്ഥാപിച്ചു വരുന്നുണ്ട്. ദേശീയപാതകളുടെ നിർമ്മാണം IRC മാനദണ്ഡങ്ങൾ പാലിച്ചാണ് നടപ്പിലാക്കുന്നത്. ഇതിൽ റോഡ് സുരക്ഷാ ക്രമീകരണങ്ങളും ഉൾപ്പെടുത്താറുണ്ട്. |

സെക്ഷൻ ഓഫീസർ